# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്എ/ കെഎൻആർ/സി13/1091/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയതി: 27/09/2025
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ജോയിന്റ് ഡയറക്ടർ
2.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(എയിംസിൽ)
3.ഓഫീസ് കോപ്പി

നമ്പർ: കെഎസ്എ/ കെഎൻആർ/സി13/1091/25 തീയ്യതി: 27/09/2025

## കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-08-2024 മുതൽ 22-06-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 38 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രമ രാജൻ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 23-06-2025 | 28-06-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-06-2025 | 28-06-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ലീലാകൃഷ്ണൻ.എൻ.എം,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

ശ്രീ.ഗണേശൻ കേളോത്ത്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ദേവാനന്ദ്.ഇ,ഓഡിറ്റർ
ശ്രീ.രവികൃഷ്ണൻ.കെ,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സി.എം.കൃഷ്ണൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.കെ.വി.പ്രകാശൻ | സെക്രട്ടറി | 01-04-2024 | 31-03-2025 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സതീഷ് കുമാർ.കെ | കൃഷി അസിസ്റ്റന്റ് ഡയരക്ടർ | 01-04-2024 | 02-02-2025 |
| ശ്രീമതി.സുഷ.ബി | കൃഷി അസിസ്റ്റന്റ് ഡയരക്ടർ | 03-02-2025 | 31-03-2025 |
| ഡോ.അനിത.പി.വി | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2024 | 05-02-2025 |
| ഡോ.ഷാക്കിർ മുഹമ്മദ് | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 06-02-2025 | 31-03-2025 |
| ശ്രീമതി.രേണുക പാറയിൽ | ശിശു വികസന പദ്ധതി ഓഫീസർ അഡീഷണൽ1 | 01-04-2024 | 31-03-2025 |
| ശ്രീമതി.ഹയറുന്നീസ.കെ | ശിശു വികസന പദ്ധതി ഓഫീസർ അഡീഷണൽ2-ആലക്കോട് | 01-04-2024 | 16-07-2024 |
| ശ്രീമതി.ലക്ഷ്മിക്കുട്ടി | ശിശു വികസന പദ്ധതി ഓഫീസർ അഡീഷണൽ2-ആലക്കോട് | 17-07-2024 | 31-03-2025 |
| ശ്രീമതി.ജ്യോതിലക്ഷ്മി.പി | ശിശു വികസന പദ്ധതി ഓഫീസർ ,തളിപ്പറമ്പ | 01-04-2024 | 31-03-2025 |
| ശ്രീ.ഗിരീഷ്.പി.പി | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.കൈരളി.കെ.കെ | പട്ടികജാതി വികസന ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ.എം.വി.ജയൻ | ഡയറി എക്സ്റ്റൻഷൻ | 01-04-2024 | 05-04-2024 |

| | | | |
|---|---|---|---|
| | ഓഫീസർ-തളിപ്പറമ്പ | | |
| ശ്രീമതി.ബീന.പി.വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ-തളിപ്പറമ്പ | 06-04-2024 | 31-03-2025 |
| ശ്രീമതി.അൽഫോൺസ ജോസഫ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ-ആലക്കോട് | 01-04-2024 | 31-03-2025 |
| ശ്രീമതി.ശ്രീജ.യു | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീ.രാജേഷ്.എം.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീ.സുനിൽ.എം | വ്യവസായ വികസന ഓഫീസർ | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ധനകാര്യകമ്മീഷൻ ചെലവ് തുകകൾ -വാർഷിക കണക്കും സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-3 |
| 5 | ബാധ്യതാ ഹെഡിലുള്ള തുകയുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-1-4 |
| 6 | Liability In Respect Of Stale Cheque എന്ന ശീർഷകത്തിലെ മൂന്ന് വർഷ കാലാവധി പൂർത്തീകരിച്ച ചെക്കുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല | 1-1-5 |
| 7 | വാർഷികകണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല. | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | ക്യാഷ് ബാലൻസ് പരിശോധനാ സാക്ഷ്യപത്രം | 1-6 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 14 | കമ്മിറ്റികളുടെ പ്രവർത്തനം | 1-8 |
| 15 | വാടക വൈകി അടവാക്കിയതിന് പിഴ ഈടാക്കിയതിൽ കുറവ്. ₹17,514 വരവ് നഷ്ടം | 1-9 |
| 16 | മിനി വ്യവസായ എസ്റ്റേറ്റിലെ മുറികളിൽ നിന്നുള്ള വാടക കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-10 |
| 17 | എ ബി സി പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വിഹിതം- വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. ₹2,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-11 |
| 18 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല₹266000 (₹86,000+ ₹1,80,000)യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1- 12 |
| 19 | ഭൂജല വകുപ്പിന് തുക കൈമാറിയത് -വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ ₹3,30,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-13 |
| 20 | കൂളാമ്പി സ്വരാജ് മുക്ക് കുടിവെള്ള പദ്ധതി പൂർത്തീകരണം- പൂർത്തീകരണവിവരം ലഭ്യമാക്കിയില്ല. ₹1,90,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-14 |
| 21 | അമ്മാനപ്പാറ വ്യവസായ എസ്റ്റേറ്റിന് ട്രാൻസ്ഫോമർ സ്ഥാപിക്കൽ - പൂർത്തീകരണവിവരം ലഭ്യമാക്കിയില്ല.₹8,01,160യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-15 |
| 22 | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ -വിനിയോഗസാക്ഷ്യപത്രം | 1-16 |

| | | |
|---|---|---|
| | ലഭ്യമാക്കിയില്ല.₹ 7,97,300 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | |
| 23 | പട്ടികജാതി ഓഫീസിന് ഫർണ്ണിച്ചർ വാങ്ങൽ- മൂല്യനിർണ്ണയം നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. ₹1,11,360യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 24 | കമ്പ്യൂട്ടർ ടേബിൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ലഭ്യമാക്കിയില്ല.₹2,04,760യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |
| 25 | ഫർണ്ണിച്ചറുകൾ സ്റ്റോക്കിലെടുത്തതിന്റെയും സ്ഥാപനങ്ങൾ കൈപ്പറ്റിയതിന്റെയും രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ₹15,30,111യുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-19 |
| 26 | വൃത്തി-2025 ദി ക്ലീൻ കേരള കോൺക്ലേവ് - വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ₹2,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-20 |
| 27 | കൃഷി അസിസ്റ്റൻറ് ഡയറക്ടറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ-കമ്പ്യൂട്ടർ ലഭ്യമായില്ല. ₹51,701 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-21 |
| 28 | കേരളോത്സവം - അധികം ചെലവ് ചെയ്ത ₹1,00,000 തടസ്സപ്പെടുത്തുന്നു. | 1-22 |
| 29 | ഷീ ലോഡ്ജ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. | 1-23 |
| 30 | മരാമത്തു പ്രവൃത്തി-നിയമപ്രകാരമുള്ള പിഴ ഈടാക്കിയില്ല | 1-24 |
| 31 | ഹെൽത്ത് ഗ്രാന്റ് -അവലോകനം | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | മെഡിസെപ് പ്രീമിയം -ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രവൃത്തികൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-5 |
| 6 | വായ്പ /വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-12 |
| | **അനുബന്ധം** | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ധനകാര്യ പത്രികകൾ |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 31.05.2025 തീയതിയിലെ 01(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 31.05.2025 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 31.03.2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത്‌രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

കണ്ണൂർ,
27.09.2025

### 1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

1. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) (ചട്ടം 62F), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ (ചട്ടം 62 E) എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

2. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ

പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-2 ധനകാര്യകമ്മീഷൻ ചെലവ് തുകകൾ -വാർഷിക കണക്കും സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കിലെ ട്രയൽ ബാലൻസിൽ ധനകാര്യ കമ്മീഷൻ ഫണ്ട് ടൈഡ് & അൺ ടൈഡ് ഇനങ്ങളിലായി രേഖപ്പെടുത്തിയ ചെലവ് തുകയും (₹2,13,05,119) സുലേഖ പ്രകാരമുള്ള ചെലവ് തുകയും (₹2,13,29,798) തമ്മിൽ പൊരുത്തപ്പെടുന്നില്ല. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

### 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി ബ്ലോക്ക് പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

### 1-1-4 ബാധ്യതാ ഹെഡിലുള്ള തുകയുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ബി 4 ഷെഡ്യൂളിൽ ബാധ്യത നീക്കിയിരിപ്പായി രേഖപ്പെടുത്തിയ തുകകളുടെ കൃത്യത വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| കോഡ് നം. | ഇനം | തുക (₹) |
|---|---|---|
| 320800101 | Benificiary Contribution | 2,58,902 |
| 320200301 | Recoveries Payable _Covid | 1,24,600 |

### 1-1-5 Liability In Respect Of Stale Cheque എന്ന ശീർഷകത്തിലെ മൂന്ന് വർഷ കാലാവധി പൂർത്തീകരിച്ച ചെക്കുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

ബി-9 ഷെഡ്യൂളിൽ Liability In Respect Of Stale Cheques എന്ന ശീർഷകത്തിൽ മുൻവർഷത്തെ അതേ ബാലൻസ് തുകയാണ് (₹31,450) ഈ വർഷത്തെ ബാലൻസ് ഷീറ്റിലും കാണിച്ചിട്ടുള്ളത്. പ്രസ്തുത ചെക്കുകൾ മൂന്ന് വർഷ കാലാവധി പൂർത്തീകരിച്ചതാണ്. പ്രസ്തുത ചെക്കുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

### 1-1-6 വാർഷികകണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.

വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ വാടക രജിസ്റ്ററിൽ ഡിമാന്റ്, വരവ്, കുടിശ്ശിക, സംക്ഷിപ്തം എന്നിവ എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25സാമ്പത്തിക വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 09.02.2024ലെ 2/1നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 20.03.2025 ലെ 1/1 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ബജറ്റ് | | പുതുക്കിയ ബജറ്റ് | |
|---|---|---|---|
| മുൻബാക്കി (₹) | 1,19,47,885 | മുൻബാക്കി(₹) | 1,14,24,662 |
| വരവ്(₹) | 69,44,50,225 | വരവ്(₹) | 61,89,58,330 |
| ആകെ(₹) | 70,63,98,110 | ആകെ(₹) | 63,03,82,992 |
| ചെലവ്(₹) | 69,42,65,895 | ചെലവ്(₹) | 62,32,28,100 |
| നീക്കിയിരിപ്പ്(₹) | 1,21,32,215 | നീക്കിയിരിപ്പ്(₹) | 71,54,892 |

## 1-3 സാമ്പത്തിക വിശകലനം (റസിപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് (₹) | 91,39,681 |
| വരവ് (₹) | 13,38,91,743 |
| ആകെ (₹) | 14,30,31,424 |
| ചെലവ് (₹) | 12,20,77,015 |

| | |
|---|---|
| നീക്കിയിരിപ്പ് (₹) | 2,09,54,409 |
| വരവിനങ്ങളിലുള്ള നഷ്ടം (₹) | 17,514 (പിഴപ്പലിശ) |
| ചെലവിനങ്ങളിലുള്ള നഷ്ടം-ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (₹) | 47,82,392 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 5,01,26,000 | 5,01,26,000 | 5,01,26,000 | 0 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 71,84,000 | 71,84,000 | 71,84,000 | 0 |
| വികസന ഫണ്ട് (ടി.എസ്.പി.) | 0 | 40,51,000 | 40,51,000 | 40,51,000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 86,29,000 | 86,29,000 | 65,58,343 | 20,70,657 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | -2,07,885(*) | 1,86,50,500 | 1,84,42,615 | 1,14,67,984 | 69,74,631 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺടൈഡ് ബേസിക് | 14,01,649 | 89,46,627 | 1,03,48,276 | 97,84,072 | 5,64,204 |
| എം പി ഫണ്ട് | 479 | 34,86,331 | 34,86,810 | 34,86,763 | 47 |
| ഹെൽത്ത് ഗ്രാന്റ് | 9,55,440 | 42,40,430 | 51,95,870 | 7,61,238 | 44,34,632 |

(*)2023-24 വർഷം ധനകാര്യ കമ്മീഷൻ Tied ഇനത്തിൽ ₹2,07,885 അധികം ചെലവ് ചെയ്തതിനാൽ നീക്കിയിരിപ്പ് തുക ഋണാത്മകമായിട്ടുണ്ട്. ആയത് 2024-25 വർഷം ക്രമീകരിച്ചിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 237 | 164734406 | 1861 | 96322950 | 31 | 51 | 155 | 65.4 |

**നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ**

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഇല്ലഅംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | പദ്ധതി അടങ്കൽ (₹) | പദ്ധതി ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|
| സിഡിപിഒ (തളിപ്പറമ്പ, തളിപ്പറമ്പ അഡീഷണൽ 1 & 11) | 20 | 18 | 98,82,808 | 87,85,530 | 88.9 |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 86 | 67 | 7,48,13,022 | 3,17,73,832 | 42.47 |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 34,14,174 | 27,91,000 | 81.75 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 15 | 8 | 49,64,600 | 25,61,393 | 51.59 |
| പട്ടികജാതി വികസന ഓഫീസർ | 7 | 7 | 55,10,116 | 47,46,285 | 86.14 |
| അസിസ്റ്റന്റ് ഡയറക്ടർ, കൃഷി | 8 | 8 | 48,86,866 | 44,29,724 | 90.65 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 7 | 7 | 28,43,733 | 28,11,713 | 98.87 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 8,75,000 | 8,23,420 | 94.11 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 10 | 7 | 1,61,39,263 | 98,19,512 | 60.84 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 80 | 60 | 4,14,04,824 | 2,77,80,541 | 67.09 |
| ആകെ | 237 | 186 | 16,47,34,406 | 9,63,22,950 | 58.47 |

## 1-6 ക്യാഷ് ബാലൻസ് പരിശോധനാ സാക്ഷ്യപത്രം

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.06.2025 തീയതി രാവിലെ 11മണിക്ക് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ടി ദിവസം ക്യാഷ് നീക്കിയിരിപ്പില്ലായെന്ന് ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

മനുഷ്യവിഭവ ശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പു വരുത്തി ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തനസജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചു കൊണ്ടുള്ള ഉദ്യോഗസ്ഥ സംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പു വരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.

തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിൽ 2024-25 വർഷത്തിൽ വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ബാങ്ക് പാസ്സ് ബുക്കുകൾ, ബാങ്ക് ബുക്കുകൾ എന്നിവ പൊരുത്തപ്പെടുത്തി സൂക്ഷിച്ചു വരുന്നുണ്ട്. ഡേ ബുക്ക്, ബാങ്ക് ബുക്ക്, ക്യാഷ് ബുക്ക് എന്നിവ ദിവസവും പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ റീകൺസിലിയേഷൻ നടത്തി വരുന്നുണ്ട്. എന്നാൽ വാടക സംബന്ധിച്ച വരവിനങ്ങളുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നീ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചു വരുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. കമ്പ്യൂട്ടറുകൾ മറ്റ് വിലപിടിപ്പുള്ള വസ്തുക്കൾ എന്നിവ സംബന്ധിച്ച് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. എന്നാൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹിച്ച വാർഷിക പദ്ധതി പ്രോജക്ടുമായി ബന്ധപ്പെട്ട ഫയലുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. 2024-25 വർഷത്തെ ഭരണസമിതി യോഗതീരുമാനങ്ങൾ മുഴുവനായും "സകർമ്മ" സോഫ്റ്റ്‌വെയറിൽ അപ് ലോഡ് ചെയ്ത് കാലികമാക്കിയിട്ടുണ്ട്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണ്ണയിച്ചു കൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകളിൽ, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും ജോലി കുടിശ്ശികയും വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പു വരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

## 1-8 കമ്മിറ്റികളുടെ പ്രവർത്തനം

തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ 16 വാർഡുകൾ ഉൾപ്പെട്ടിട്ടുണ്ട്. ഗ്രാമസഭായോഗങ്ങൾക്ക് സമാനമായ ഒരു യോഗം 09.01.2025 ന് ചേർന്നതായി മിനുട്സ് രേഖപ്പെടുത്തിയിട്ടുണ്ട്. വിവിധ തലത്തിലുള്ള 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും 2024-25 കാലയളവിൽ 2 തവണ യോഗം ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനുട്സിൽ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓരോ നിർവ്വഹണ ഉദ്യോഗസ്ഥരും നടപ്പിലാക്കുന്ന പ്രൊജക്ടുകളുടെ പുരോഗതിയും സ്ഥിതിവിവരങ്ങളും അവലോകനം ചെയ്യുന്നതിനും മോണിറ്ററിംഗിനുമായി നിർവ്വഹണ ഉദ്യോഗസ്ഥരുടെയും അതത് വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെയും മോണിറ്ററിംഗ് കമ്മിറ്റി യോഗം വിളിച്ച് ചേർത്തിട്ടില്ല. പ്രൊജക്ട് നിർവ്വഹണത്തിന്റെ പ്രാരംഭഘട്ടവും പുരോഗതിയും പൂർത്തീകരണവും സംബന്ധിച്ച മോണിറ്ററിംഗ് കൂടി അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളിൽ ഒഴികെ പദ്ധതി നിർവ്വഹണം സംബന്ധിച്ച മിക്ക ഫയലുകളിലും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി നിർവ്വഹണം സംബന്ധിച്ച് മോണിറ്ററിംഗ് നടത്തി മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലുകളിൽ ഉൾപ്പെടുത്തേണ്ടതാണ്. വിവിധ യോഗ മിനിട്സുകളുടെ പരിപാലനത്തിലും സൂക്ഷിപ്പിലും വന്നിട്ടുള്ള പോരായ്മകൾ പരിഹരിക്കേണ്ടതായുണ്ട്. സ.ഉ.(കൈ) നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3-5-1(12) പ്രകാരം പ്രൊജക്ടുകളുടെ ഗുണമേന്മ ഉറപ്പ് വരുത്തുക എന്നത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്.പ്രൊക്യൂർമെന്റ് കമ്മിറ്റി 2024-25ൽ 12 തവണ യോഗം ചേർന്നതായി ഇത് സംബന്ധിച്ച മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സ.ഉ.(കൈ) നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3-5-1(12) പ്രകാരം പ്രൊജക്ടുകളുടെ ഗുണമേന്മ ഉറപ്പ് വരുത്തുക എന്നത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്.

## 1-9 വാടക വൈകി അടവാക്കിയതിന് പിഴ ഈടാക്കിയതിൽ കുറവ്.₹17,514 വരവ് നഷ്ടം

ബ്ലോക്ക് പഞ്ചായത്ത് അംഗീകൃത ബൈലോ പ്രകാരം മുറി അനുവദിക്കപ്പെട്ട ആൾ പ്രതിമാസ വാടക അതതുമാസം അഞ്ചാം തീയതിക്കകം പഞ്ചായത്ത് ഓഫീസിൽ അടയ്ക്കേണ്ടതാണ്. വാടക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ വീഴ്ച വരുത്തിയ തീയതി മുതൽ പണം അടയ്ക്കുന്ന തീയതി വരെയുള്ള കാലത്തേക്ക് 18 ശതമാനം പിഴ പലിശയോടുകൂടി സംഖ്യ അടയ്ക്കേണ്ടതാണ്. പിഴ ഈടാക്കിയതിലെ കുറവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | വാടകക്കാരൻ | മാസ വാടക (₹) | കാലയളവ് | ഈടാക്കിയ പിഴ (₹) | ഈടാക്കേണ്ട പിഴ (₹) | കുറവ്(₹) |
|---|---|---|---|---|---|---|---|
| കുറുമാത്തൂർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | | | | | | | |
| 1 | 244 | വി.വി നാരായണൻ | 2,310 | 04/2024-01/2025 | 1,905 124090100084/28.02.2025 | 2,252 | 347 |
| 2 | 247 | പി.വി രാജീവൻ | 2,300 | 04/2024-05/2024 | 104 124090100075/13.01.2025 | 656 | 552 |
| 3 | 247 | പി.വി രാജീവൻ | 2,300 | 06/2024-10/2024 | 517 B13030025000020/02.06.2025 | 1,725 | 1,208 |
| 4 | 248 | പി.വി വത്സരാജൻ | 2,300 | 04/2024-05/2024 | 104 124090100076/13.01.2025 | 656 | 552 |
| 5 | 248 | പി.വി വത്സരാജൻ | 2,300 | 06/2024-10/2024 | 517 B13030025000019/02.06.2025 | 1,725 | 1,208 |
| അമ്മാനപ്പാറ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | | | | | | | |
| 1 | 651-N,P,Q | അനീസ മുത്തലിബ് | 8,500 | 11/2023-09/2024 | 8,415 124090100093/25.03.2025 | 16,830 | 8,415 |
| നെല്ലിപ്പറമ്പ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | | | | | | | |
| 1 | 275 | ദിനേശ് എം.പി | 3,000 | 06/2023-08/2024 | 5,400 124090100083/24.02.2025 | 9,450 | 4,050 |
| 2 | 467 | ദിലീഷ് പി.ഐ | 2,250 | 04/2024-08/2024 | 506 124090100094/26.03.2025 | 1,688 | 1,182 |
| ആകെ | | | | | | | 17,514 |

പിഴ പലിശ ഈടാക്കിയതിൽ കുറവ് വരാനുണ്ടായ കാരണം അറിയിക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 8/26.08.2025) മറുപടിയായി പിഴ പലിശ ഈടാക്കുന്നതിൽ കുറവ് വന്നത് ക്ലെറിക്കൽ പിശക് മൂലമാണെന്നും കുറവ് വന്ന തുക ബന്ധപ്പെട്ട വാടകക്കാരിൽ നിന്നും ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കുറവ് വന്ന തുക ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-10 മിനി വ്യവസായ എസ്റ്റേറ്റിലെ മുറികളിൽ നിന്നുള്ള വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്

തളിപ്പറമ്പ ബ്ലോക്ക്പഞ്ചായത്തിലെ മിനി വ്യവസായ എസ്റ്റേറ്റുകളായ അമ്മാനപ്പാറ, നെല്ലിപ്പാറ, നെല്ലിപ്പറമ്പ, കുറുമാത്തൂർ എന്നീ കെട്ടിടങ്ങളിലെ മുറികൾ വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/26.06.2025) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1. വാടക ഡിമാൻഡ് രജിസ്റ്റർ, ലഭ്യമാക്കിയ ഡി സി ബി രേഖ എന്നിവ പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ വാടകയിനത്തിൽ താഴെ പറയുന്നവർ കുടിശ്ശിക അടവാക്കാനുണ്ട്.

A)

| ക്രമ നം | കെട്ടിട നമ്പർ | വാടകക്കാരൻ | മാസ വാടക (₹) | കുടിശ്ശിക വരുത്തിയ കാലയളവ് | ഈടാക്കാൻ അവശേഷിക്കുന്ന വാടക 18% ജി എസ് ടി ഉൾപ്പെടെ (₹) |
|---|---|---|---|---|---|
| അമ്മാനപ്പാറ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | | | | | |
| 1 | 651-NPQ | അനീസ മുത്തലിബ് | 8,500 | 10/2024 – 03/2025 | 60,180 |
| 2 | 651T | രമ്യ ബിനോയ് | 7,500 | 03/2025 | 8,850 |
| നെല്ലിപ്പാറ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | | | | | |
| 1 | 178 B,C | ശകുന്തള സാബു | 4,000 | 03/2025 | 4,720 |
| കുറുമാത്തൂർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | | | | | |
| 1 | 230 | പി.വി രാജീവൻ | 2,300 | 11/2024-03/2025 | 13,570 |
| 2 | 248 | പി.വി വത്സരാജൻ | 2,300 | 11/2024-03/2025 | 13,570 |
| 3 | 244 | വി.വി നാരായണൻ | 2,310 | 02/2025-03/2025 | 5,452 |

B)

താഴെ പറയുന്ന വാടകക്കാരുടെ മുൻവർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ 2024-25 സാമ്പത്തിക വർഷം ഒടുക്കുവാനുള്ള കുടിശ്ശിക വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | വാടകക്കാരൻ | മാസ വാടക (₹) | കുടിശ്ശിക വരുത്തിയ കാലയളവ് | ഈടാക്കാൻ അവശേഷിക്കുന്ന വാടക 18% ജി എസ് ടി ഉൾപ്പെടെ (₹) |
|---|---|---|---|---|---|
| അമ്മാനപ്പാറ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | | | | | |
| 1 | 651B | സജ്ന കെ | 1,500 | 04/2023 - 03/2025 | 42,480 |
| 2 | 651A | സമൃദ്ധി കയർ(ഷൈമ.ടി) | 1,500 | 02/2023 – 06/2023 | 8,850 |
| നെല്ലിപ്പറമ്പ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | | | | | |
| 1 | 453 | അബ്ദുൾ റഷീദ് പി | 3,000 | 12/2020-03/2025 | 1,84,080 |
| കുറുമാത്തൂർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | | | | | |
| 1 | 229 | എം മുഹമ്മദ് ഷബീർ, ഷാജാസ് | 2,000 | 11/2023-03/2025 | 40,120 |

ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മുകളിൽ പരാമർശിച്ച അനീസ മുത്തലിബ്, രമ്യ ബിനോയ്, ശകുന്തള സാബു, പി.വി രാജീവൻ, പി.വി വത്സരാജൻ, വി.വി നാരായണൻ, സമൃദ്ധി കയർ, സജ്ന കെ എന്നിവരിൽ നിന്നും വാടക കുടിശ്ശിക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാടക കുടിശ്ശിക ഉള്ള മുഴുവൻ ആളുകളിൽ നിന്നും തുക ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2) ബ്ലോക്ക് പഞ്ചായത്ത് അംഗീകൃത ബൈലോ പ്രകാരം മുറി ലഭിക്കുന്ന ആൾക്ക് ആദ്യത്തെ 3 വർഷം വാടക വർദ്ധനവ് ഇല്ലാതെ സാമ്പത്തിക വർഷാ വർഷം കരാർ പുതുക്കി മുറി ഉപയോഗിക്കാവുന്നതാണ്. തുടർന്ന് ഭരണസമിതിക്ക് നിലവിലുള്ള വാടകയുടെ 5 മുതൽ 15 ശതമാനം വരെ അധികം നിശ്ചയിച്ച് തുടർവർഷങ്ങളിൽ കൈവശക്കാരന് തന്നെ മുറികൾ നൽകാവുന്നതാണ്. ഇപ്രകാരം ബ്ലോക്ക് പഞ്ചായത്ത് 2024-25 വർഷം വാടക വർദ്ധനവുമായി ബന്ധപ്പെട്ട് എടുത്തിട്ടുള്ള തീരുമാനം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3) 4 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലുമായി ഉള്ള ആകെ മുറികളുടെ എണ്ണം, വാടകയ്ക്ക് നൽകാത്തവ ഉണ്ടെങ്കിൽ ആയതിന്റെ കാരണം എന്നിവ അന്വേഷിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ആകെ 37 മുറികൾ ഉണ്ടെന്നും അതിൽ 4 എണ്ണം ഇപ്പോൾ ഒഴിഞ്ഞു കിടക്കുകയാണെന്നും ഈ മുറികൾ വാടകയ്ക്ക് നൽകാനായി നടപടികൾ സ്വീകരിച്ച് വരികയാണെന്നും അറിയിച്ചിട്ടുണ്ട്.

വാടകയിനത്തിൽ ലഭിക്കാനുള്ള മുഴുവൻ തുകയും പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും ബൈലോയിൽ പറയുന്ന പ്രകാരം വാടകയിൽ 5 മുതൽ 15 ശതമാനം വരെ വർദ്ധനവ് വർഷാ വർഷം വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. 4 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലുമായി ഉള്ള മുഴുവൻ മുറികളും വാടകയ്ക്ക് നൽകാനായി ശ്രമിക്കേണ്ടതും അതുവഴി തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതുമാണ്. മുൻവർഷങ്ങളിൽ ഉൾപ്പെടെ ഭീമമായ വാടക കുടിശ്ശിക വരുത്തുന്നവർക്കെതിരെ ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ റവന്യ റിക്കവറി നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-11 എ ബി സി പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വിഹിതം-വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. ₹2,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ / പേര് | 84/25 , എ ബി സി പദ്ധതി<br>ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ |
| അടങ്കൽ | ₹ 2,00,000 (വികസന ഫണ്ട് -ജനറൽ) |
| ചെലവ് | ₹2,00,000, ബിൽ നമ്പർ/തീയതി : 461/ 13-03-2025 |

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ സ.ഉ (സാധാ) 2065/2022 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ല പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പ്രൊജക്ടായാണ് എ ബി സി നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ₹2,00,000 കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ ജില്ലാ ട്രഷറിയിലുള്ള 799011400000958 എസ് ടി എസ് ബി അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/26-06-2025) വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്നും ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് നൽകുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ ₹2,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1- 12 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല₹266000 (₹86,000+₹1,80,000)യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
| പ്രോജക്റ്റ് നം. | 228/25, | 220/25 |
| പ്രോജക്ടിന്റെ പേര് | ഒട്ടവള്ളിത്തട്ട് സി എച്ച് സി ക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | പുതിയ ഓഫീസ് കെട്ടിടത്തിന് നെറ്റ് വർക്ക് സംവിധാനം |
| അടങ്കൽ | ₹86,000<br>ഹെൽത്ത് ഗ്രാന്റ് | 1,80,000<br>(വികസന ഫണ്ട് ജനറൽ) |
| ചെലവ് | 86,000 | 1,80,000 |
| ബിൽ നമ്പർ/ തീയതി | 22400471/ 15.10.2024 | 271/21.12.2024 |

ഒട്ടവള്ളിത്തട്ട് സി എച്ച് സി പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്, ലബോറട്ടറി എന്നിവയക്ക് ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിനായി₹86,000 രൂപയും പുതിയ ഓഫീസ് കെട്ടിടത്തിന് നെറ്റ് വർക്ക് സംവിധാനം ഒരുക്കുന്നതിനായി ₹1,80,000 രൂപയും പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് ഉപവിഭാഗത്തിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/26-06-2025) വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭിച്ചിട്ടില്ലെന്നും ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്നും സെക്രട്ടറി മറുപടി

നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹2,66,000 (₹86,000+ ₹1,80,000) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-13 ഭൂജല വകുപ്പിന് തുക കൈമാറിയത് -വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ ₹3,30,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

2024-25 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ബ്ലോക്ക് പഞ്ചായത്ത് വിവിധ കടിവെള്ള പദ്ധതികൾക്കായി ഭൂജലവകുപ്പിന് തുക മുൻകൂറായി അനുവദിച്ചിട്ടുണ്ട്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്റ്റ്&നം | അടങ്കൽ(₹) | ചെലവ് (₹) | ബിൽ നം. &തീയതി |
|---|---|---|---|---|
| 1 | 222/25 ബ്ലോക്ക് പഞ്ചായത്ത് ഷീ ലോഡ്ജിന് കുഴൽ കിണർ നിർമ്മാണം | 65,000 ധനകാര്യകമ്മീഷൻ അവാർഡ് | 65,000 | 175/ 18-10-2024 |
| 2 | 31/25,പാണപ്പുഴചാൽ അംഗൻവാടിക്ക് കടിവെള്ള പദ്ധതി | 48,000 ധനകാര്യകമ്മീഷൻ അവാർഡ് | 48,000 | 316/17-01-2025 |
| 3 | 35/25,കവേരി പകൽ വീടിന് കടിവെള്ള പദ്ധതി | 48,000 ധനകാര്യകമ്മീഷൻ അവാർഡ് | 48,000 | 320/17-01-2025 |
| 4 | 34/ 25,അമ്മാനപ്പാറ വ്യവസായ എസ്റ്റേറ്റിൽ കടിവെള്ള പദ്ധതി | 45,000 ധനകാര്യകമ്മീഷൻ അവാർഡ് | 45,000 | 321/17-01-2025 |
| 5 | 28/25 , ചുഴലി എ കെ ജി വായനശാലക്ക് കടിവെള്ള പദ്ധതി | 32,000 ധനകാര്യകമ്മീഷൻ അവാർഡ് | 32,000 | 318/17-01-2025 |
| 6 | 26/25,പുറഞ്ഞാൺ അംഗൻവാടിക്ക് കടിവെള്ള പദ്ധതി | 44,000 ധനകാര്യകമ്മീഷൻ അവാർഡ് | 44,000 | 319/17-01-2025 |
| 7 | 32/25,നരിയൻപ്പാറ എസ് ടി കമ്മ്യൂണിറ്റി ഹാൾ കടിവെള്ള പദ്ധതി | 48,000 ധനകാര്യകമ്മീഷൻ അവാർഡ് | 48,000 | 317/17-01-2025 |
| ആകെ | | | 3,30,000 | |

പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/26-06-2025) വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്നും ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് നൽകുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ ₹3,30,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-14 കുളാമ്പി സ്വരാജ് മുക്ക് കടിവെള്ള പദ്ധതി പൂർത്തീകരണം-പൂർത്തീകരണവിവരം ലഭ്യമാക്കിയില്ല. ₹1,90,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രോജക്ട് നമ്പർ | 223/25 |
| പ്രോജക്ടിന്റെ പേര് | കുളാമ്പി സ്വരാജ് മുക്ക് കടിവെള്ള പദ്ധതി പൂർത്തീകരണം |
| അടങ്കൽ | ₹1,90,000<br>ധനകാര്യകമ്മീഷൻ അവാർഡ് |
| ചെലവ്തുക | ₹1,90,000 |
| ബിൽ നമ്പർ/ തീയതി | 57/ 29-03-2025 |

പ്രൊജക്ട് നമ്പർ 223/25 പ്രകാരം കുളാമ്പി സ്വരാജ് മുക്ക് കടിവെള്ള പദ്ധതി പൂർത്തീകരണത്തിന് വേണ്ടി കേരള വാട്ടർ അതോറിറ്റിതളിപ്പറമ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തിയിനത്തിൽ ₹1,90,000 കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. (A/C No. 67338447404, SBI, തളിപ്പറമ്പ). പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(17/26-06-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടേയും മറുപടിയുടേയും അഭാവത്തിൽ ₹1,90,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-15 അമ്മാനപ്പാറ വ്യവസായ എസ്റ്റേറ്റിന് ട്രാൻസ്ഫോമർ സ്ഥാപിക്കൽ - പൂർത്തീകരണവിവരം ലഭ്യമാക്കിയില്ല.₹8,01,160യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 213/25 |
| പ്രോജക്ടിന്റെ പേര് | അമ്മാനപ്പാറ വ്യവസായ എസ്റ്റേറ്റിന് ട്രാൻസ്ഫോമർ സ്ഥാപിക്കൽ |
| അടങ്കൽ | ₹8,01,160 (തനത് ഫണ്ട്) |
| ചെലവ് | ₹8,01,160, ബിൽ നമ്പർ: 178/21.10.2024 |

പ്രൊജക്ട് നമ്പർ 213/25 പ്രകാരം അമ്മാനപ്പാറ വ്യവസായ എസ്റ്റേറ്റിന് ട്രാൻസ്ഫോമർ സ്ഥാപിക്കുന്നതിന് തളിപ്പറമ്പ ഇലക്ട്രിക്കൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തിയിനത്തിൽ ₹8,01,160 കെ.എസ്.ഇ.ബി ക്ക് നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/26.06.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ ₹8,01,160 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് -ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.₹ 7,97,300 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്ട് നം. | 101/25 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ |
| അടങ്കൽ | ₹23,03,609 (വികസനഫണ്ട്-എസ് സി പി) |
| | ₹25,000/259/20-12-2024<br>₹1,80,000/285/27-12-2024<br>₹2,00,000/286/27-12-2024<br>₹2,60,000/287-27-12-2024<br>₹2,50,000/339/29-01-2025<br>₹80,000/340/ 29-01-2025<br>₹50,000/351/06-02-2025 |

| | |
|---|---|
| | ₹1,95,000/377/23-02-2025 |
| | ₹5,65,000/426/08-03-2025 |
| | ₹1,30,000/454/12-03-2025 |
| | ₹1,40,000/464/14-03-2025 |
| | ₹2,300/465/ 14-03-2025 |
| | ₹10,000/466/14-03-2025 |
| ആകെ | ₹20,87,300 |

മേൽ പ്രോജക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകൾക്കായി എസ് സി സ്കോളർഷിപ്പ് നൽകുന്നതിനായി ₹ 20,87,300 വിഹിതമായി അനുവദിച്ചിട്ടുണ്ട്. അതിൽ, താഴെക്കാണുന്ന മൂന്ന് ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ഒഴികെ മറ്റെല്ലാ പഞ്ചായത്തുകളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അനുവദിച്ച തുക (₹) |
|---|---|---|
| 1 | ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് | 2,07,300 |
| 2 | പട്ടുവം ഗ്രാമപഞ്ചായത്ത് | 5,65,000 |
| 3 | കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് | 25,000 |
| ആകെ | | 7,97,300 |

ഓഡിറ്റ് എൻക്വയറി നമ്പർ 16/26.06.2025-ന് നൽകിയ മറുപടിയിൽ ഈ മൂന്നു പഞ്ചായത്തുകളിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. അതിനാൽ, മേൽപ്പറഞ്ഞ മൂന്ന് ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച ₹ 7,97,300 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 പട്ടികജാതി ഓഫീസിന് ഫർണ്ണിച്ചർ വാങ്ങൽ- മൂല്യനിർണ്ണയം നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. ₹1,11,360യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്ട് നം. | 112/25 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി ഓഫീസിന് ഫർണ്ണിച്ചർ വാങ്ങൽ |
| അടങ്കൽ | 2,68,483 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ചെലവ് തുക | 2,68,483 |
| ബിൽ നമ്പർ /തീയതി | 497/ 19-03-2025 |

ഇൻവോയ്സ് നം RHW/24-25/322 Dt. 11-03-2025 പ്രകാരം റബ്കോയിൽ നിന്നും ഫർണ്ണിച്ചർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് ₹2,68,483 ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ഇൻവോയ്സുകളിൽ രേഖപ്പെടുത്തിയ താഴെ കൊടുത്ത ഇനങ്ങളുടെ മൂല്യനിർണ്ണയം നടത്തി ഇൻവോയ്സിൽ പ്രതിപാദിച്ച അളവിൽ ഫർണ്ണിച്ചർ ഉപകരണങ്ങൾ ലഭിച്ചുവെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.

| വാങ്ങിയ ഇനം | എണ്ണം | വില @ | ആകെ വില (₹) |
|---|---|---|---|
| SHELF AS PER DRG.SL.NO.30 | 7.50 SQM | 14848/SQM | 1,11,360 |

അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/26-06-2025) മൂല്യനിർണ്ണയം നടത്തിയതിന്റെ രേഖ പിന്നീട് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മൂല്യനിർണ്ണയം നടത്തിയതിന്റെ രേഖകളുടെ

അഭാവത്തിൽ ₹1,11,360 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 കമ്പ്യൂട്ടർ ടേബിൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ലഭ്യമാക്കിയില്ല.₹2,04,760യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2024-25 വർഷം ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള പരിയാരം ഗ്രാമപഞ്ചായത്തിലെ കുളങ്ങോട് (തോട്ടിക്കൽ), മുടിക്കാനം എന്നീ കമ്മ്യൂണിറ്റി ഹാളുകൾക്ക് കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ടേബിൾ എന്നിവ വാങ്ങി നൽകുന്നതിന് വേണ്ടി ചുവടെ കൊടുത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്ട് നം. | 272/25 |
| പ്രോജക്ടിന്റെ പേര് | പരിയാരം പഞ്ചായത്തിലെ കുളങ്ങോട് മുടിക്കാനം കമ്മ്യൂണിറ്റി ഹാളുകൾക്ക് കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ടേബിൾ വാങ്ങൽ |
| അടങ്കൽ | ₹2,04,760 (വികസന ഫണ്ട് – എസ് സി പി) |
| | ₹1,28,510/492/19.03.2025<br>₹76,250/498/19.03.2025<br>ആകെ: ₹2,04,760 |

പരിയാരം പഞ്ചായത്തിലെ കുളങ്ങോട് മുടിക്കാനം കമ്മ്യൂണിറ്റി ഹാളുകൾക്ക് കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ടേബിൾ വാങ്ങൽ എന്ന മേൽ പദ്ധതി പ്രകാരം 2 കമ്പ്യൂട്ടർ ടേബിളുകൾ റബ്കോയിൽ നിന്നും ₹38,125 നിരക്കിൽ ആകെ ₹76,250 യും 2 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ കെൽട്രോണിൽ നിന്നും ₹64,255 നിരക്കിൽ (കെൽട്രോൺ സമർപ്പിച്ച പ്രോഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ പ്രൊഫോർമ ഇൻവോയ്സ് നമ്പർ TVM/ITBG/PI/RC/56317/24-25/28.02.2025) വാങ്ങിയതിന് ആകെ ₹1,28,510 യും ചെലവ് ചെയ്തിട്ടുണ്ട്. കമ്പ്യൂട്ടർ ടേബിളുകളും കമ്പ്യൂട്ടറുകളും കമ്മ്യൂണിറ്റി ഹാളുകൾക്ക് വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രശീതി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/26.06.2025) കമ്പ്യൂട്ടറും കമ്പ്യൂട്ടർ ടേബിളും സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ പിന്നീട് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കമ്പ്യൂട്ടറുകളും ടേബിളുകളും സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകളുടെ അഭാവത്തിൽ ₹2,04,760 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 ഫർണ്ണിച്ചറുകൾ സ്റ്റോക്കിലെടുത്തതിന്റെയും സ്ഥാപനങ്ങൾ കൈപ്പറ്റിയതിന്റെയും രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ₹15,30,111യുടെ ചെലവ് തടസപ്പെടുത്തുന്നു.

